## പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം.**3594**

20-06-2019 ൽ മറുപടിയ്ക്ക്

## അഗ്നിസുരക്ഷാസേനയുടെ പരിമിതികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| | **ശ്രീ.പി.ഉബൈദുള്ള** | | **പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| എ) | മലപ്പുറം ജില്ലയിലെ അഗ്നിസുരക്ഷാ സേനയുടെ പരിമിതികൾ സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; | എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) | പതിനാറു നിയോജകമണ്ഡലങ്ങളിലായി ഏഴ് ഫയർ സ്റ്റേഷനുകൾ മാത്രമുള്ള സാഹചര്യത്തിൽ ഓരോ നിയോജകമണ്ഡലത്തിലും ഒരു ഫയർ സ്റ്റേഷനെങ്കിലും സ്ഥാപിക്കുമോ; | ബി) | എല്ലാ നിയോജക മണ്ഡലങ്ങളിലും ഫയർസ്റ്റേഷൻ ആരംഭിക്കുന്ന വിഷയം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല. |
| സി) | മഴക്കാലം വരുന്ന സാഹചര്യത്തിൽ ജില്ലയിൽ നിലവിലുള്ള ഫയർ സ്റ്റേഷനുകൾ തീരപ്രദേശങ്ങളിലേയും മലയോര മേഖലയിലേയും ആവശ്യങ്ങൾ നിർവ്വഹിക്കാൻ സാധിക്കാത്ത തരത്തിൽ പ്രയാസപ്പെടുമ്പോൾ കൂടുതൽ രക്ഷാപ്രവർത്തനങ്ങൾക്കുള്ള സൗകര്യങ്ങളും വാഹനങ്ങളും അടിയന്തരമായി ഏർപ്പെടുത്തുമോ? | സി) | അടിയന്തിര സാഹചര്യങ്ങളിൽ രക്ഷാപ്രവർത്തനങ്ങൾ സൗകര്യപ്രദമാക്കുന്നതിന് ജില്ലയിലെ നിലവിലുള്ള നിലയങ്ങൾ കൂടാതെ സമീപ ജില്ലകളിലെ നിലയങ്ങളിൽ നിന്നും സൗകര്യപ്രദമായ രീതിയിൽ ജീവനക്കാരെയും വാഹനങ്ങളും ഏർപ്പെടുത്തി വരുന്നു. മലപ്പുറം ജില്ലയിലെ വിവിധ അഗ്നിരക്ഷാ നിലയങ്ങളിലായി കഴിഞ്ഞ രണ്ടു വർഷ കാലയളവിൽ ആധുനികവൽക്കരണ ത്തിന്റെ ഭാഗമായി നിരവധി വാഹനങ്ങളും ഉപകരണങ്ങളും അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ